# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6961 2.11.2011 ൽ മറുപടിക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുമരാമത്ത് പ്രവൃത്തികൾ

**ചോദ്യം**
ശ്രീ. ചിറ്റയം ഗോപകുമാർ

**ഉത്തരം**
**ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**
**(മരാമത്ത്‌വകുപ്പു മന്ത്രി)**

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി ലഭിച്ചു കഴിഞ്ഞ ശേഷം 3.9.2011 ൽ നിരക്കുകൾ 15% വർദ്ധിപ്പിച്ചതിനാൽ പ്രസ്തുത പ്രവൃത്തികൾ ടെൻഡർ ചെയ്യാൻ കഴിയാത്ത അവസ്ഥ നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) 3.9.2011 തീയതിക്ക് മുൻപ് സാങ്കേതിക അനുമതി ലഭിച്ചു കഴിഞ്ഞ 2010 - ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം ടെണ്ടർ ചെയ്യുന്ന സിവിൽ പ്രവൃത്തികൾക്ക് പരമാവധി 15% വരെയും ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് പരമാവധി 10% വരെയും ടെണ്ടർ എക്സ്സസ് അനുവദിക്കാമെന്ന് സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ ടെണ്ടർ ചെയ്യാൻ കഴിയാത്ത അവസ്ഥ നിലവിലില്ല.

(ബി); മേൽ സാഹചര്യത്തിൽ സാങ്കേതിക അനുമതി ലഭിച്ച പ്രവൃത്തികൾക്ക് വീണ്ടും സാങ്കേതിക അനുമതി വാങ്ങേണ്ടതുണ്ടോ ; വിശദാംശം നൽകുമോ ?

(ബി) ഇല്ല. തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ് സർക്കാർ ഉത്തരവ് (സാധാ) നം. 2284/2011./തസ്വഭവ തിരുവനന്തപുരം തീയതി 1.10.2011 ഉത്തരവ് പ്രകാരം, ടെണ്ടർ എക്സ്സസ് നൽകുന്നതുകൊണ്ടു വരുന്ന അധിക തുകയ്ക്കുള്ള എസ്റ്റിമേറ്റ് പുതുക്കി പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയും ജില്ലാ പ്ലാനിംഗ് സമിതിയുടെ അംഗീകാരവും വാങ്ങിയിരിക്കേണ്ടതാണ്..

സെക്ഷൻ ഓഫീസർ